പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1804 04.12.2015 - ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ; | (ബി) | തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾ മൂലവും പ്രായാധിക്യം മൂലവും നൂറു ശതമാനം അന്ധത മൂലവും ഒരു പരിചാരകന്റെ സേവനം ആവശ്യമായ വിധം ശയ്യാവലംബരായവരെ പരിചരിക്കുന്ന പാവപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതിയാണ് ആശ്വാസകിരണം. ഇത്തരം കിടപ്പുരോഗികളെ പരിചരിക്കേണ്ടിവരുന്നതുമൂലം ഇവർക്ക് പുറത്തുപോയി മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്. പലവിധ രോഗങ്ങളാലും മറ്റും തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്. പലവിധ രോഗങ്ങളാലും മറ്റും ശയ്യാവലംബരായ പാവപ്പെട്ടവരെ അവരുടെ ഭവനങ്ങളിൽത്തന്നെ പരിചരിക്കുന്ന വ്യക്തിക്ക് (care giver) സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണവും അനുവദിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് | (സി) | തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസം മൂലം അവശതയുള്ളവർ പലവിധകാരണങ്ങളാൽ ശയ്യാവലംബരായവർ, തുടങ്ങിയവരെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ ? | | പരിചരിക്കുന്നവർക്ക് പ്രതിമാസം 250/- രൂപ നിരക്കിലാണ് സ.ഉ(എം.എസ്) നമ്പർ 47/2010/സാ.ക്ഷേ.വ തീയതി 2.8.2010 പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിരുന്നത്. ഈ ധനസഹായം 300/- രൂപയായി സ.ഉ(എം.എസ്) നമ്പർ 9/2011/സാ.ക്ഷേ.വ തീയതി 28.01.2011 പ്രകാരവും 300/- രൂപയിൽ നിന്ന് 400/- രൂപയായും സ.ഉ(സാധാ) നമ്പർ 374/2011/സാ.ക്ഷേ.വ തീയതി 14.10.2011 പ്രകാരവും വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായി. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവ ബാധിച്ചവർക്ക് വരുമാനപരിധി ഒഴിവാക്കിയും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മറ്റ് ജോലിക്ക് പോകാൻ സാധിക്കാത്തതു കൊണ്ടുള്ള ഗുരുതരമായ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പ്രതിമാസ ധനസഹായം 400/- രൂപയിൽ നിന്ന് 525/- രൂപയാക്കി വർദ്ധിപ്പിച്ചു കൊണ്ട് സ.ഉ (എം.എസ്) നം. 67/2013/സാനീവ തീയതി 21/8/2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/- രൂപ പ്രകാരം സ്പെഷ്യൽ ആശ്വാസകിരണവും അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**